# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2783 — 14.12.2015-ൽ മറുപടിയ്ക്ക്

## പട്ടികജാതി - പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.എം.ഹംസ എം.എൽ.എ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പിന്നോക്ക വിഭാഗത്തിൽപ്പെട്ട സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റും ദുർബല വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിന് പുറമേ പ്രതിമാസ സ്റ്റൈപ്പന്റും അനുവദിച്ചുവരുന്നു. അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ് വരെ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റി ഇംബേഴ്സ് ചെയ്തു നൽകുന്നു. ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, എന്നിവയ്ക്ക് പുറമേ 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് 2000/- രൂപ വീതം നൽകുന്ന "പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്" എന്ന പദ്ധതി 2014-15 മുതൽ നടപ്പാക്കി വരുന്നു. കൂടാതെ 9 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തൽ പദ്ധതിയും IX, X ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിയും, (കേന്ദ്രാവിഷ്കൃത പദ്ധതി) നടപ്പാക്കി വരുന്നു.<br>**കോളേജ്**<br>കോളേജ് തലത്തിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ഫീസാനുകൂല്യങ്ങൾ എന്നിവയ്ക്ക് പുറമേ ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി എന്നിവയും നൽകി വരുന്നു.<br>**പ്രൊഫഷണൽ കോളേജുകൾ**<br>ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ഫീസാനുകൂല്യങ്ങൾ എന്നിവയ്ക്ക് പുറമെ B.Tech, M.Tech, MCA കോഴ്സുകൾക്ക് പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, MBBS ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ്, MBBS/BDS/B.Tech വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | പ്രാരംഭച്ചെലവുകൾക്കുള്ള തുക എന്നിവയും അനുവദിച്ചു വരുന്നു.<br><br>**<u>വിഷൻ 2013</u>**<br><br>SSLC പരീക്ഷയിൽ B+ ൽ കുറയാതെ ഗ്രേഡ് വാങ്ങി +1 കോഴ്സിന് പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അതാത് ജില്ലകളിലുള്ള സ്വകാര്യ എൻട്രൻസ് കോച്ചിംഗ് സ്ഥാപനങ്ങളിൽച്ചേർന്ന് മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് പഠിക്കുന്നതിന് 2 വർഷത്തേയ്ക്ക് 20,000/- രൂപ വീതം അനുവദിച്ചു വരുന്നു. |
| (ബി) | 01.06.2011 മുതൽ 30.11.2015 വരെ ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | 01.06.2011 മുതൽ 30.11.2015 വരെ വിതരണം ചെയ്ത തുക (പട്ടികജാതി വിഭാഗം) ചുവടെ ചേർക്കുന്നു.<br><br>പ്രീമെട്രിക് തലം - 13864.87 ലക്ഷം<br><br>IX, X പ്രീമെട്രിക് സ്കോളർഷിപ്പ് - 77.85 കോടി<br><br>അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ് - 28 ലക്ഷം<br><br>പ്രൈമറി എഡ്യൂ.എയ്ഡ് - 54.12 കോടി<br><br>സ്റ്റെതസ്കോപ്പ് പദ്ധതി - 24.30 ലക്ഷം<br><br>ലാപ്ടോപ്പ് പദ്ധതി - 25.61/- കോടി<br><br>പ്രാരംഭച്ചെലവുകൾക്കനുവദിച്ച തുക - 2.21 കോടി<br><br>വിഷൻ 2013 പ്രകാരം ചെലവഴിച്ച തുക -2.40/- കോടി<br><br>പോസ്റ്റ് മെട്രിക് തലത്തിൽ അനുവദിച്ച തുക -<br><br>SC - 818.58 കോടി<br>OEC - 267.74/- കോടി<br>FC - 41.80 കോടി<br>KPCR - 41.53/- കോടി<br>SEBC - 97.94 കോടി<br>OBC - 128.75/- കോടി |

സെക്ഷൻ ഓഫീസർ